**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2179** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ ആശുപത്രികളിലെ വിവിധ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. നൗഷാദ് ശ്രീ. കെ. മുരളീധരൻ

ശ്രീ. എം. നൗഷാദ് (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും അനുബന്ധ സ്ഥാപനങ്ങളിലുമായി 2021-26 കാലഘട്ടങ്ങളിൽ വിവിധ പദ്ധതികൾക്കായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ സർക്കാർ അശുപത്രികളിലും അനുബന്ധ സ്ഥാപനങ്ങളിലുമായി 2021 ഏപ്രിൽ മുതൽ 2026 ജനവരി വരെ കിഫ്ബി മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കായി 2579.01കോടി രൂപ കിഫ്ബിയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കുമായി 2021-26 കാലഘട്ടങ്ങളിൽ പ്ലാൻ ഫണ്ട് മുഖേന 1410.72 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിലെ പദ്ധതികളുടെ ചെലവ് വിവരം അനുബന്ധം I ആയി ചേർക്കുന്നു.

**(ബി)** നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്കായി എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ പൂർത്തിയായതും പുരോഗമിക്കുന്നതുമായ പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- 36.4184 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കോട്ടയം മെഡിക്കൽ കോളേജിലെ കാർഡിയോളജി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി.
- 10.7187 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കോട്ടയം മെഡിക്കൽ കോളേജിലെ ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്ക് നിർമ്മാണം പുരോഗമിക്കുന്നു.
- ഇടുക്കി മെഡിക്കൽ കോളേജിൽ കാത്ത് ലാബ് നിർമ്മിക്കുന്നതിനായി 10,29,95,439/- രൂപ അനുവദിച്ചു. പ്രസ്തുത പ്രവൃത്തി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- കോട്ടയം മെഡിക്കൽ കോളേജിൽ കാർഡിയോളജി ബ്ലോക്കിലേക്ക് വേണ്ട ഉപകരണങ്ങൾ വാങ്ങുന്നതിനായി SASCI സ്കീം മുഖേന 10 കോടി രൂപ അനുവദിച്ചു.

- തൃശ്ശൂർ മെഡിക്കൽ കോളേജിനു MRI വാങ്ങുന്നതിനായി SASCI സ്കീം മുഖേന 10 കോടി രൂപ അനുവദിച്ചു.
- വയനാട് മെഡിക്കൽ കോളേജിൽ MBBS ക്ലാസ്സുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനായി 10 കോടി രൂപ അനുവദിച്ചു.
- കാസർഗോഡ് മെഡിക്കൽ കോളേജിലെ കിഫ്ബി പദ്ധതിക്കായി 160,23,40,367/- രൂപയുടെ ഭരണാനുമതി നൽകി. തുടർന്ന് പ്രസ്തുത ഭരണാനുമതി പുതുക്കി മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണത്തിന്റെ ബാക്കി പണികൾ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചു.
- തൃശ്ശൂർ സർക്കാർ ദന്തൽ കോളേജിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവത്തനങ്ങൾക്കായി 38,57,66,452/- കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചു. ടി പ്രവൃത്തി പുരോഗമിക്കുന്നു. അതിനായി ഇനി 30 കോടിയോളം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.
- തൃശ്ശൂർ സർക്കാർ ഡെന്റൽ കോളേജിന്റെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിനായി 11 കോടി രൂപയുടെ ഭരണാനുമതി നൽകി. ടി പ്രവൃത്തി പുരോഗമിക്കുന്നു.
- തിരുവനന്തപുരം ഡെന്റൽ കോളേജ് പുതിയ കെട്ടിട നിർമ്മാണത്തിനായി 13.82 കോടി രൂപയുടെ ഭരണാനുമതി നൽകി. ടി പ്രവർത്തി പുരോഗമിക്കുന്നു.
- ആലപ്പുഴ മെഡിക്കൽ കോളേജിൽ ട്രോമാ കെയർ ബ്ലോക്കിനായി 5,29,22,000/- രൂപ അനുവദിച്ചിരുന്നു. പ്രസ്തുത പ്രവൃത്തികൾ പുരോഗമിക്കുന്നു.
- ഇടുക്കി മെഡിക്കൽ കോളേജിന്റെ റോഡ് ആൻഡ് പ്രൊട്ടക്ഷൻ വർക്കിന് 18 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
- ഇടുക്കി മെഡിക്കൽ കോളേജിലേക്ക് ചെറുതോണി ബസ് സ്റ്റാൻഡിൽ നിന്നും റോഡ് പണിയുന്നതിന് 5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.
- കോട്ടയം മെഡിക്കൽ കോളേജിൽ നവകേരള സദസ്സ് മുഖേന അനുവദിച്ച രണ്ട് പദ്ധതികൾക്കായി 7 കോടി രൂപയുടെ അനുമതി നൽകി.
- കോഴിക്കോട് മെഡിക്കൽ കോളേജിൽ നവകേരള സദസ്സ് മുഖേന അനുവദിച്ച പദ്ധതികൾക്കായി 4.5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി.
- വയനാട് മെഡിക്കൽ കോളേജിലെ നവകേരള സദസ്സ് പദ്ധതികൾക്കായി 7 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി.
- Establishment of Cath Lab എന്ന സ്കീമിൽ ആലപ്പുഴ, കോഴിക്കോട്, എറണാകുളം മെഡിക്കൽ കോളേജുകൾക്കായി കാത്ത് ലാബ് സ്ഥാപിക്കുന്നതിന് 44.30 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- Oncology & Teritiary care എന്ന സ്കീമിൽ കോഴിക്കോട് മെഡിക്കൽ കോളേജിനു LINAC സ്ഥാപിക്കുന്നതിന് 18.53 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.
- Providing modern image എന്ന സ്കീമിൽ കണ്ണൂർ മെഡിക്കൽ കോളേജിനു 1.5 TESLA MRI സ്ഥാപിക്കുന്നതിന് 13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
- Comprehensive Stroke Center എന്ന സ്കീമിൽ കണ്ണൂർ, കോട്ടയം, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം മെഡിക്കൽ കോളേജുകൾക്കായി 18.87 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

- കോഴിക്കോട് ജില്ലയിൽ Organ Transplant Institute സ്ഥാപിക്കുന്നതിന് 643.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
- തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കിഫ്ബി മുഖേന ഐസോലേഷൻ ബ്ലോക്കുകൾ നിർമ്മിക്കുന്നതിനായി 69.66 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
- തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മാസ്റ്റർപ്ലാനിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെയുള്ള സർജിക്കൽ ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിക്കുന്നു 80 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു.
- തൃശ്ശൂർ മെഡിക്കൽ കോളേജിൽ കിഫ്ബി ധനസഹായത്തോടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് മദർ & ചൈൽഡ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു ആകെ 500 കോടി രൂപയ്ക്ക് മുകളിൽ ചെലവു പ്രതീക്ഷിക്കുന്നു.
- കോട്ടയം മെഡിക്കൽ കോളേജിലെ 268.53 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിക്കുന്നു.
- എറണാകുളം മെഡിക്കൽ കോളേജിലെ 368.74 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി.
- കോന്നി മെഡിക്കൽ കോളേജിൽ ഹോസ്റ്റലുകൾ, ആശുപത്രി കെട്ടിടം, ക്വാർട്ടേഴ്സുകൾ, ഡീൻസ് വില്ല, അക്കാദമിക് ഫെസിലിറ്റീസ് എന്നിവ 159 കോടി രൂപ ചെലവിൽ പൂർത്തിയായിട്ടുണ്ട്.
- കണ്ണൂർ മെഡിക്കൽ കോളേജിൽ കിഫ്ബി ഫണ്ട് മുഖേന 29 കോടി ചെലവിൽ നവീകണ പ്രവൃത്തികൾക്കായി നടത്താൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

ആരോഗ്യ വകുപ്പിനു കീഴിൽ നിലവിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്ന പ്രവൃത്തികൾക്ക് കിഫ്ബിയിൽ നിന്നും നാളിതുവരെ 6387.39 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. എന്നിരുന്നാലും, പ്രവൃത്തി നടപ്പാക്കുന്ന മുറയ്ക്കുള്ള തുക അനുവദിക്കുന്നതിനാണ് ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ കിഫ്ബിയുടെ അംഗീകാരത്തിനായി ബില്ലുകൾ സമർപ്പിക്കുന്നത്. ആയത് പരിശോധിച്ച ശേഷം, അതാത് പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള ധനാനുമതി തുകയ്ക്കുള്ളിൽ നിന്നുകൊണ്ട് കിഫ്ബിയിൽ നിന്നും തുക അനുവദിച്ചു വരുന്നു. എന്നാൽ, പദ്ധതികളുടെ പൂർത്തീകരണത്തിന് ആവശ്യമായ ഘടകങ്ങൾ ഭാവിയിൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ, അവ കൂടി ഉൾപ്പെടുത്തി ധനാനുമതിത്തുക ഉയർത്തി നൽകേണ്ട സാഹചര്യവും ഉണ്ടാകാവുന്നതാണ്. ആയതിനാൽ, പദ്ധതികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ കിഫ്ബിയിൽ നിന്നും ചെലവഴിക്കുന്ന തുക സംബന്ധിച്ച കൃത്യമായ ധാരണയുണ്ടാകൂ.

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്ന പദ്ധതികളുടെ ചെലവ് വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം I

2021–26 കാലഘട്ടത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| **ഫണ്ടിനം** | **പദ്ധതി** | **ചെലവഴിച്ച തുക (കോടി രൂപയിൽ)** |
|---|---|---|
| സ്റ്റേറ്റ് പ്ലാൻ ഫണ്ട് | വിവിധ പദ്ധതികൾ | 1894.61411 |
| നബാർഡ് | നിർമ്മാണ പ്രവർത്തനങ്ങൾ | 96.88 |
| എൻ.എച്ച്.എം | നിർമ്മാണ പ്രവർത്തനങ്ങൾ | 512.9 |
| കെ.എം.എസ്.സി.എൽ | ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം | 95.09 |
| **ആകെ** | | **2599.48411** |

[signature]

**സെക്ഷൻ ഓഫീസർ**

## അനുബന്ധം II

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾക്ക് പ്രതീക്ഷിക്കുന്ന ചെലവ് ചുവടെ ചേർക്കുന്നു :

| **ഫണ്ടിനം** | **പദ്ധതി** | **പ്രതീക്ഷിക്കുന്ന ചെലവ് (കോടി രൂപയിൽ)** |
|---|---|---|
| സ്റ്റേറ്റ് പ്ലാൻ ഫണ്ട് | വിവിധ പദ്ധതികൾ | 72.44 |
| നബാർഡ് | നിർമ്മാണ പ്രവർത്തനങ്ങൾ | 171.87 |
| എൻ.എച്ച്. എം | നിർമ്മാണ പ്രവർത്തനങ്ങൾ | 313.3 |
| കെ.എം.എസ്.സി.എൽ | ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം | 1.09 |
| **ആകെ** | | **558.7** |

കിഫ്ബി ഒഴികെയുള്ള പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കുമായി ആകെ 558.7 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

**സെക്ഷൻ ഓഫീസർ**